**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2327 — 08.12.2015-ലെ മറുപടിയ്ക്ക്

## കൺസ്യൂമർഫെഡിലെ അഴിമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കൺസ്യൂമർഫെഡ് ഡയറക്ടർ ബോർഡ് പിരിച്ചുവിടേണ്ടി വന്ന സാഹചര്യം വ്യക്തമാക്കുമോ; | (എ) കൺസ്യൂമർഫെഡിൽ നിലവിലുള്ള ഭരണസമിതിയെ പിരിച്ചുവിട്ടിട്ടില്ല. കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനിൽ വിജിലൻസ് അന്വേഷണം നടക്കുന്ന സാഹചര്യത്തിലും, കേരള സഹകരണ നിയമം, ചട്ടങ്ങൾ, നിയമാവലി വ്യവസ്ഥകൾ എന്നിവയ്ക്കനുസൃതമായി കൺസ്യൂമർ ഫെഡറേഷൻ ഭരണസമിതി ചുമതലകളും ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ളതായി സഹകരണ സംഘം രജിസ്ട്രാർക്ക് ബോധ്യപ്പെട്ട സാഹചര്യത്തിലും സഹകരണ നിയമം വകുപ്പ് 32(1)(ഡി) പ്രകാരവും, 2011 ലെ 97-ാം ഭരണ ഘടനാ ഭേദഗതി നിയമം ഭാഗം IXB 243 ZL പ്രകാരവും കൺസ്യൂമർഫെഡ് ഭരണ സമിതിയെ സസ്പെന്റ് ചെയ്ത് തൽസ്ഥാനത്ത് അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എന്തെല്ലാം അഴിമതികളാണ് കൺസ്യൂമർ ഫെഡുമായി ബന്ധപ്പെട്ട് ഉയർന്നു വന്നിട്ടുള്ളത്; വിശദവിവരം നൽകുമോ; | (ബി) | സാമ്പത്തിക ക്രമക്കേടുകൾ, ജീവനക്കാരുടെ നിയമനം, നിർമ്മാണ പ്രവർത്തനങ്ങൾ, അനധികൃതമായ അഡ്വാൻസുകൾ, സ്റ്റോക്കിലെ ക്രമക്കേടുകൾ, അനുമതി കൂടാതെയുള്ള ചെലവുകൾ എന്നീ മേഖലകളുമായി ബന്ധപ്പെട്ടാണ് പ്രധാനമായും അഴിമതികൾ ഉയർന്നുവന്നിട്ടുള്ളത്. |
| (സി) | പ്രസ്തുത വിഷയത്തിൽ ആർക്കെല്ലാം എതിരെ എന്തെല്ലാം അന്വേഷണങ്ങളാണ് നടക്കുന്നത്; വിശദ വിവരം നൽകുമോ; | (സി) | പ്രസ്തുത വിഷയത്തിൽ കൺസ്യൂമർ ഫെഡറേഷനെതിരെയുള്ള ഗുരുതരമായ ക്രമക്കേടുകൾ, ഘടന, പ്രവർത്തനം സാമ്പത്തിക സ്ഥിതി എന്നിവയെപ്പറ്റിയുള്ള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണമാണ് നടന്നുവരുന്നത്. അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. കൂടാതെ കൺസ്യൂമർഫെഡറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മാനേജിംഗ് ഡയറക്ടറായിരുന്ന ഡോ.റിജി ജി.നായർ, ഫെഡറേഷനിലെ ജീവനക്കാരായ ശ്രീ.ആർ.ജയകുമാർ, ശ്രീ.എം.ഷാജി, ശ്രീ.സുരീഷ് സുകുമാരൻ, ശ്രീ.ഷാജു.കെ എന്നിവർക്കെതിരെ വിജിലൻസ് അന്വേഷണവും നടന്നുവരുന്നു. |
| (ഡി) | എത്രകോടി രൂപയുടെ അഴിമതിയാണ് ഇതുമായി ബന്ധപ്പെട്ട് ഉയർന്നു വന്നിട്ടുള്ളത്; വിശദമാക്കുമോ? | (ഡി) | അന്വേഷണം നടന്നുവരുന്നതിനാൽ തുക കൃത്യമായി തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ